DESPATCHED On..05/03/2020

10/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.876(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.11172/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. രാമചന്ദ്രൻ നായർ എസ്.,
വീട്ട് നമ്പർ : 49,
ടി.സി.42/1220, പൊന്നറ നഗർ,
മുട്ടത്തറ, വള്ളക്കടവ്,
തിരുവനന്തപുരം -8.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
ടർബോ പ്ലസ് ടവർ, പി.എം.ജി.ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 33.

2) അപ്പീൽ അധികാരി & രജിസ്ട്രാർ,
കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
ടർബോ പ്ലസ് ടവർ, പി.എം.ജി.ജംഗ്ഷൻ,
വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം - 33.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 17/04/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09/04/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 01/07/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 01/07/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/07/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/08/2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 07/02/2020 - സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. രാമചന്ദ്രൻ നായർ എസ്., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വ്യക്തമായി ലഭിക്കാത്തതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതുപ്രകാരം ചില വിവരങ്ങൾ ലഭിച്ചു എന്നും എന്നാൽ മറ്റു ചില

ഇനങ്ങൾ സംബന്ധിച്ച രേഖകൾ ഉണ്ടായിട്ടും അത് ടിയാന് നൽകിയില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ടിയാന്റെ അമ്മ ശ്രീമതി ലളിതമ്മയുടെ പേരിൽ 4.8.2014 തീയതി ഒരു പരാതി സമർപ്പിച്ചിരുന്നു എന്നും ആയത് എച്ച്.ആർ.എം.പി. 7076/14 ആയി സ്വീകരിച്ചിട്ടുണ്ടെന്നും മേൽപ്പടി പരാതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും അതിന്റെ മുഴുവൻ വിവരങ്ങളും നൽകണമെന്നും

ii. 4.3.15-ലെ പത്രങ്ങളിൽ റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. കെ.എസ്.ആർ. നായർ മനുഷ്യാവകാശ കമ്മീഷന് സമർപ്പിച്ച പരാതി പ്രകാരം ശബ്ദ മലിനീകരണത്തിനെതിരെ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കുന്നതിലേക്കായി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലേക്ക് അയച്ച ഉത്തരവിന്റെ കോപ്പി ടിയാന് നൽകണമെന്നും ആയതിന്റെ കോപ്പി ഹർജിക്കാരന്റെ അമ്മയുടെ പരാതിയിൽ അത്തരത്തിലുള്ള നടപടി നടപ്പാക്കി കിട്ടുന്നതിലേക്കായി വലിയതുറ പോലീസ് സ്റ്റേഷനിലേക്ക് അയച്ചു നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അമ്മയുടെ പരാതി തീർപ്പാക്കിയിട്ടുണ്ടെന്നും മേൽപ്പടി പരാതി സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് മറുപടിയ്ക്കൊപ്പം നൽകുന്നു എന്നും 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ശ്രീ. കെ.എസ്.ആർ. നായർ എന്ന വ്യക്തി എച്ച്.ആർ.എം.പി. 7076/14 നമ്പറായി പരാതി നൽകിയിട്ടില്ല എന്നും മേൽപ്പടി പരാതി നൽകിയിരിക്കുന്നത് ശ്രീമതി ലളിതമ്മയാണെന്നും കെ.എസ്.ആർ.നായർ പരാതി നൽകിയിട്ടുണ്ടെങ്കിൽ പരാതി നൽകിയ തീയതിയോ കേസ് നമ്പറോ അറിയിക്കേണ്ടതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ യാതൊരു മറുപടിയും വിവരവും കിട്ടിയിട്ടില്ലെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട എച്ച്.ആർ.എം.പി. 7076/14 നമ്പർ ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു എന്നും കെ.എസ്.ആർ.നായർ ഫയൽ ചെയ്തതായി പറയപ്പെടുന്ന പരാതി സംബന്ധിച്ച് ആവശ്യപ്പെട്ട വിവരങ്ങൾ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമാണ്.

3. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല എന്നു കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട ശ്രീ.കെ.എസ്.ആർ. നായർ സമർപ്പിച്ച പരാതിയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയിട്ടില്ല എന്നു കാണുന്നു. ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, എച്ച്.ആർ.എം.പി. 7076/14 നമ്പറിൽ ശ്രീ. കെ.എസ്.ആർ.നായർ പരാതി നൽകിയിട്ടില്ല എന്നാണ്. എന്നാൽ

ഹർജിക്കാരന്റെ അപേക്ഷയിൽ ശ്രീ.കെ.എസ്.ആർ. നായർ സമർപ്പിച്ച പരാതി എച്ച്.ആർ.എം.പി.7076/14 നമ്പറിലായാണ് എതിർകക്ഷി ഓഫീസിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് ഒരിടത്തും ചൂണ്ടിക്കാട്ടിയതായി കാണുന്നില്ല. മേൽ പ്രസ്താവിച്ച എച്ച്.ആർ.എം.പി. നമ്പർ ഹർജിക്കാരന്റെ അമ്മ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ടതാണെന്നാണ് ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുള്ളത്. ആയതിൽ നിന്നും ബോധ്യമാകുന്നത് വേണ്ടത്ര ശ്രദ്ധ നൽകാതെയാണ് ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നത് എന്നാണ്. അപ്രകാരം തന്നെ ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും കാണുന്നില്ല. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമപ്രകാരം ഗുരുതരമാകയാൽ മേൽപ്പടി വീഴ്ചകൾക്ക് ഉത്തരവാദിയായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

4. ഹർജിക്കാരന്റെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ കണ്ടെത്തി നൽകുക എന്നത് എതിർകക്ഷി ഓഫീസിന് ബുദ്ധിമുട്ടുകളൊന്നും സൃഷ്ടിക്കുമായിരുന്നില്ല എന്നു കാണുന്നു. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഫെബ്രുവരി 2015, മാർച്ച് 2015 എന്നീ മാസങ്ങളിൽ തീർപ്പാക്കിയ കേസുകൾ പരിശോധിച്ചിരുന്നുവെങ്കിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഉത്തരവിന്റെ പകർപ്പ് കണ്ടെത്തി ടിയാന് നൽകാൻ കഴിയുമായിരുന്നു എന്നു കമ്മീഷൻ വിലയിരുത്തുന്നു. കാരണം ഹർജിക്കാരൻ ടിയാന്റെ അപേക്ഷയിൽ വ്യക്തമാക്കിയത് ശ്രീ. കെ.എസ്.ആർ. നായർ സമർപ്പിച്ച പരാതി തീർപ്പാക്കിയത് സംബന്ധിച്ച വിവരം 4.3.2015-ലെ പത്രങ്ങളിൽ വന്നിരുന്നു എന്നാണ്. ആയതിനാൽ മേൽപ്പടി തീയതിക്ക് തൊട്ടു മുമ്പുള്ള ഏതാനും ദിവസങ്ങളിലെ ഉത്തരവുകൾ പരിശോധിച്ചിരുന്നുവെങ്കിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം നൽകാൻ കഴിയുമായിരുന്നു എന്നു കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി ഉത്തരവിന്റെ പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം കണ്ടെത്തി ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. എന്നാൽ മേൽപ്പടി ഉത്തരവിന്റെ പകർപ്പ് വലിയതുറ പോലീസ് സ്റ്റേഷനിലേക്ക് അയച്ചു നൽകണമെന്ന ഹർജിക്കാരന്റെ ആവശ്യം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ നിർവ്വാഹമില്ല. അപേക്ഷകൻ ആവശ്യപ്പെടുന്ന വിവരങ്ങൾ ബന്ധപ്പെട്ട പൊതു അധികാരിയുടെ പകൽ ലഭ്യമായ സാഹചര്യത്തിലും ആയത് വെളിപ്പെടുത്തുന്നതിൽ തടസ്സങ്ങൾ ഇല്ലെങ്കിലും ആയത് അപേക്ഷകന് നൽകുക എന്നതാണ് വിവരാവകാശ നിയമം അർത്ഥമാക്കുന്നത്.

RIGHT TO INFORMATION

അതല്ലാതെ ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി മറ്റൊരു പൊതു അധികാരിക്ക് അയച്ചു നൽകണമെന്ന നിർദ്ദേശം വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാനാവില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 10–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us